CHRISTIAN MUSICOLOGICAL SOCIETY OF INDIA

# തിരുനാൾ പാട്ടുകുർബാന

www.TheCMSIndia.org

# തിരുനാൾ പാട്ടുകുർബാന

Lyrics by

**Fr. Abel C. M. I.**

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഇതിലെ ഗാനങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ
അനുവാദം വാങ്ങിയിരിക്കണം

എറണാകുളം

15–11–1987

വില 2. 50

www.TheCMSIndia.org

# തിരുനാൾ പാട്ടുകുർബാന

കാർമ്മികൻ തിരുവസ്ത്രങ്ങൾ അണിയുമ്പോൾ സമൂഹം താഴെ വരുന്ന പ്രാരംഭഗാനങ്ങളി ലൊന്നു പാടുന്നു

## ഗാനം I

ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ചു സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ്
ബലിയണച്ചു സ്വയം ബലിയണച്ചു.

സൗഭാഗ്യദായകമാധർമ്മയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു:
പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം
വീണ്ടുമിതാ പീഠത്തിലപ്പിക്കുന്നു.

സർവ്വേശാ, പാവനമീപ്പൂജയാലെ
ഞങ്ങൾക്കു ജീവൻ പകർന്നിടേണം:
മൃതരിൽ പ്രകാശം പരത്തിടേണം;
നവശാന്തി ഭുവിൽ വിതച്ചിടേണം.

## ഗാനം II

കാൽവരി കണ്ടൊരു നിർമ്മലപൂജയിതാ
പറുദീസായുടെ പരമകവാടമിതാ
വാനവരായിരമായിരമാദരവായ്
പാരിലിറങ്ങി വണങ്ങി നമിക്കുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

വേദനതിങ്ങിയ ജീവിതഭാരവുമായ്
ഞങ്ങളിതാ നിൻ സന്നിധിയണയുന്നു
സകലേശാ, നിൻ ദിവ്യകുമാരകനെ
കൈക്കൊണ്ടലിവൊടനുഗ്രഹമേകണമേ.

**കാമ്മി:** പിതാവിൻെറയും † പുത്രൻെറയും പരിശു
ദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

ഗാനം

**കാമ്മി:** ഉന്നതങ്ങളിൽ മഹേശ്വരനു കീർത്തനം.
**സമൂ:** നരനു ഭൂമിയിൽ ശാന്തിയും പ്രത്യാശയും.

ഗാനം I

**കാമ്മി:** സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ
നിൻ നാമം പൂജിതമായിടേണം:
നിന്നുടെ രാജ്യമീ ഭൂവിൽ വരേണം:
നിൻ ചിത്തം സ്വർല്ലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

**സമൂ:** അന്നന്നു വേണ്ടുന്ന ഭോജ്യം
ഞങ്ങൾക്കു നീ നൽകിടേണം:
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളുടെ പാപങ്ങളെല്ലാം
കനിവോടു നിത്യം പൊറുക്കേണമെ:

പാപത്തിൽ വീഴാതെ കാത്തീടണേ:
തിന്മയിൽ നിന്നു നീ രക്ഷിക്കണേ:
രാജ്യവും ശക്തി മഹത്വങ്ങളും
നിൻേറതാകുന്നു നിത്യം:
നിൻേറതാകുന്നു നിത്യം.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പകരം

**ശുശ്രൂ:** പരിശുദ്ധാത്മാവിൻെറ കൃപാവരത്താൽ സ്ത്ര്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ കുർബാനയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കൊരുമിച്ച് അതിൻെറ ദാതാവായ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമപ്പിക്കാം.

**സമൂ:** അവണ്ണനീയമായ ഈ ദാനത്തെക്കുറിച്ചു കത്താവേ, അങ്ങേയ്ക്കു സ്തുതി.

**ശുശ്രൂ:** പ്രാത്ഥിക്കാം: നമുക്കു സമാധാനം.

**കാമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, കടങ്ങളുടെ മോചനത്തിനായി കാരുണ്യപൂവ്വം അങ്ങു ഞങ്ങറംക്കു നൽകിയ പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ ദിവ്യദാനത്തെക്കുറിച്ച് അങ്ങയുടെ മഹനീയമായ ത്രിത്വത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമപ്പിക്കുവാൻ ഞങ്ങറം കടപ്പെട്ടവരാകുന്നു.

**സമൂ:** ആമ്മേൻ, കത്താവേ, ആശീവ്വദിക്കണമേ.

**കാമ്മി:** മനുഷ്യവഗ്ഗത്തിൻെറ പ്രതീക്ഷയായ മിശിഹായേ, പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ കുർബാനവഴി ഞങ്ങളുടെ കടങ്ങറം മോചിക്കുന്ന കത്താവേ, അങ്ങയുടെ ആരാധ്യമായ ഈ ദാനം എന്നും വാഴ്ത്തപ്പെട്ടതാകുന്നു.

**ശുശ്രൂ:** ഗുരോ, ആശീവ്വദിച്ചാലും

www.TheCMSIndia.org

## സമാപനാശീർവ്വാദം

**കാമ്മി:** നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാ ആദ്ധ്യാത്മികദാനങ്ങളും കൊണ്ടു ദൈവം നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കത്താവു തൻെറ രാജ്യത്തിലേയ്ക്കു നമ്മെ ക്ഷണിക്കുകയും നിത്യസൗഭാഗ്യം വാഗ്ദാനംചെയ്യുകയും ചെയ്തു. അവിടുന്നു തൻെറ ശിഷ്യന്മാരോടു ഇപ്രകാരം അരുളിചെയ്തു. ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ ശരീരം ഭക്ഷിക്കയും രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും. അവൻ ശിക്ഷാവിധിക്കു വിധേയനാവുകയില്ല. പ്രത്യുത, മരണത്തിൽനിന്നു നിത്യായുസ്സിലേയ്ക്കു പ്രവേശിക്കും''. ഈ കുർബാനയിൽ പങ്കുകൊണ്ടു നമ്മെ എല്ലാവരെയും ഈ വാഗ്ദാനമനുസരിച്ചു ദൈവം അനുഗ്രഹിക്കട്ടെ. കത്താവിൻെറ കുരിശിൻെറ സജീവമായ അടയാളത്താൽ നാമെല്ലാവരും മുദ്രിതരാകട്ടെ; എല്ലാ അപകടങ്ങളിലും നിന്നു സംരക്ഷിതരുമാകട്ടെ.
ഇപ്പോഴും † എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

കുർബാന കഴിഞ്ഞു മററു കമ്മങ്ങളൊന്നുമില്ലെങ്കിൽ സമൂഹം താഴെ വരുന്ന പാട്ടുപാടുന്നു.

www.TheCMSIndia.org

## ഗാനം

വന്ദനം ബലിപീഠമേ,
പൂജ്യമാം ബലിപീഠമേ,
പുത്രവരം നൽകീടിതാ,
പോകുന്നു ഞങ്ങൾ

എവിടെ ഞങ്ങൾ പോയാലും
എന്തു ഞങ്ങൾ ചെയ്താലും
ദൈവത്തിൻ കരം ഞങ്ങൾ—
ക്കഭയമരുളേണം
സന്തതമഭയമരുളേണം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS